**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 489** | **09-07-2024 - ൽ മറുപടിയ്ക്ക്**

**പൂർത്തീകരിക്കാനുള്ള വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങൾക്കു മുൻപ് ആരംഭിച്ച് ഇതുവരെയും പണി പൂർത്തിയാക്കാത്ത വൈദ്യുത പദ്ധതികളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>**ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി :**<br><br>പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്. ഇ.ബി ലിമിറ്റഡ്, M/s Sree Saravana Engineering Bhavani Private Ltd, M/s Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022-ൽ ഒപ്പിട്ടു. പേയ്മെന്റ് നടത്തുന്നതിന് കെ.എസ്. ഇ.ബി ലിമിറ്റഡ് letter of Credit open ചെയ്യേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും അനുബന്ധ നടപടികൾ സംബന്ധിച്ചും നിയമോപദേശം ഇപ്പോൾ അഡ്വക്കേറ്റ് ജനറൽ കേരളയിൽ നിന്ന് ലഭ്യമായിട്ടുള്ളത് സർക്കാർ പരിശോധിച്ചു വരുകയാണ്.<br><br>ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.50 Mu) യുടെ 99.70% സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇലക്ട്രോ മെക്കാനി ക്കൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ.<br><br>**തൊട്ടിയാർജല വൈദ്യുത പദ്ധതി:**<br><br>17 വർഷം മുൻപ് ആരംഭിച്ച തൊട്ടിയാർജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം |

പൂർത്തീകരണത്തോട ടുക്കുന്നു. ഈ വർഷം ആഗസ്റ്റ് മാസം പദ്ധതിപൂർത്തിയാക്കാൻ കഴിയുന്ന താണ്.

<u>**ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി**</u> :

06-07-2009 - ൽ ആരംഭിച്ച പദ്ധതി പൂർത്തീകരണത്തിനായി NHPC, NIRM, GSI തുടങ്ങിയ വകുപ്പുകൾ മുഖാന്തിരം വിദഗ്ധ പഠനം നടത്തിയിട്ടുണ്ട്. ഭൗമ ശാസ്ത്ര പരമായ വെല്ലുവിളികൾ നേരിടുന്നത് കാരണം NIRM ന്റെ പഠന റിപ്പോർട്ട് പ്രകാരം നിലവിലെ ടണലിൽ ഒരു deviation നടത്തി നിർമ്മാണം പൂർത്തിയാക്കേണ്ടതായുണ്ട്, ആയതി നാൽ പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുവാൻ ഇനി 3 വർഷം കൂടി എടുക്കുമെന്ന് കണക്കാക്കപ്പെടുന്നു.

<u>**പള്ളിവാസൽ വിപുലീകരണ പദ്ധതി :**</u> പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണത്തോടടുക്കുന്നു, ഈ വർഷം പദ്ധതി പൂർത്തിയാക്കാൻകഴിയു മെന്നു പ്രതീക്ഷിക്കുന്നു.

<u>**പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി**</u> - പദ്ധതി ആരംഭിച്ചിട്ട് 6½ വർഷം ആയെങ്കിലും ഇതുവരെയും ഏകദേശം 42% ജോലികൾ മാത്രമെ പൂർത്തീകരിക്കുവാൻ സിവിൽ കരാറു കാരന് സാധിച്ചിട്ടുള്ളൂ. അതിനാൽ 30.04.2024-ൽ കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോ ടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈ ക്കോടതി 10.05.2024-ലെ ഇടക്കാല ഉത്തരവ് പ്രകാരം KSEBL-നോട് പരാതിക്കാരന് പറയാനുള്ള കാര്യങ്ങൾ ശ്രവിക്കണമെന്നു ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ പരാതി ക്കാരനോട് 2 തവണ ചീഫ് എഞ്ചിനീയറുടെ ഓഫീസ്സിൽ എത്തി ച്ചേരണമെന്ന് അഭ്യർത്ഥിച്ചെങ്കിലും കരാറുകാരൻ ആരോഗ്യ സംബന്ധമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഹിയറിങ്ങിന് ഹാജരായില്ല. എന്നാൽ കരാറുകാരൻ ഹിയറിങ്ങിനായി എത്തിച്ചേരുവാൻകൂടുതൽ സമയം വേണമെന്ന് ബഹു.ഹൈക്കോടതിയെ അറിയി ക്കുകയും ഇതിനെ തുടർന്ന് ബഹു.ഹൈക്കോടതി 19-06-2024-ലെ ഇടക്കാല ഉത്തരവ് പ്രകാരംകരാറുകാരന് കൂടുതൽ സമയം അനുവദിക്കാൻ ഉത്തരവിട്ടു. അതിൻ പ്രകാരം അടുത്ത ഹിയറിങ്ങ് 01-07-2024-ലേക്ക് പുനർക്രമീകരിക്കുകയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വിത്ത് ഫുൾ പവർ ഓഫ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്സിൽ കരാറുകാരനെ ശ്രവിച്ചി ട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു. E & M ജോലികൾ പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| | | | <u>**സോളാർ പദ്ധതി**</u><br><br>1 MW ഏറ്റുമാനൂർ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി 2016- ൽ വർക്ക് അവാർഡ് നൽകിയെങ്കിലും പ്രസ്തുത പദ്ധതി നിയമവ്യവഹാര ങ്ങളിൽപ്പെട്ട് മുടങ്ങിക്കിടക്കുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഈ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | **1. തൊട്ടിയാർ ജലവൈദ്യുത പദ്ധതി**<br><br>സിവിൽ - 9.62 കോടി<br><br>ഇലക്ട്രോ മെക്കാനിക്കൽ - 12.06 കോടി<br><br>**2. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി**<br><br>സിവിൽ - 2.97കോടി<br><br>ഇലക്ട്രോ മെക്കാനിക്കൽ -23.97 കോടി<br><br>**3. പഴശ്ശിസാഗർ ചെറുകിടജല വൈദ്യുത പദ്ധതി**<br><br>സിവിൽ - 33.87 കോടി<br><br>ഇലക്ട്രോ മെക്കാനിക്കൽ - 36.06 കോടി<br><br>**4. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി**<br><br>24.30 കോടി<br><br>**5. പള്ളിവാസൽ വിപുലീകരണ പദ്ധതി** - 32.242 കോടി<br><br>കൃത്യമായ തുക പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷമേ കണക്കാ ക്കാൻ കഴിയുകയുള്ളു. ആവശ്യമായ തുക തനത് ഫണ്ട്/ ലോൺ മുഖേന കണ്ടെത്തുന്നതാണ്.<br><br>**6. സോളാർ പദ്ധതി**<br><br>കൂടാതെ 1 MW ഏറ്റുമാനൂർ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി പൂർത്തീകരിക്കുവാൻ വേണ്ട തുക 6.687 കോടി രൂപയാണ്. ഈ തുക കെ.എസ്.ഇ.ബി.എൽ-ന്റെ പദ്ധതി ചെലവിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. |
| (സി) | ഇവയുടെ പണി പൂർത്തീകരിച്ചാൽ പുറമേ നിന്ന് വൈദ്യുതി വാങ്ങുന്ന ചെലവ് കുറയ്ക്കാമെന്നത് പരിഗണിച്ച് എത്രയും വേഗം പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. തൊട്ടിയാർ (40MW), പള്ളിവാസൽ (60MW) എന്നീ പദ്ധതികൾ 2024 -ൽ തന്നെ പൂർത്തീകരിക്കാൻ ആണ് ഉദേശിക്കുന്നത് .<br><br>കൂടാതെ 1 MW ഏറ്റുമാനൂർ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി കോടതി വ്യവഹാരങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | തീർപ്പാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ